

THURSDAY 08-06-2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/06/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് കഴിഞ്ഞ മാസം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നതെന്നും മന്ത്രി പറഞ്ഞു.

2. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. വിവിധ മാവിനങ്ങളായ നീലം, ചന്ദ്രക്കാരൻ മല്ലിക, സിന്ദൂരം, ബംഗനാ ഹള്ളി, അൽഫോൺസ, ബെന്നറ്റ്അൽഫോൺസ, കൊളമ്പ്, കാലാപ്പാടി, ആപ്പിൾ റുമാനിയ എന്നിവയും റംമ്പൂട്ടാൻ ഗ്രാഫ്റ്റ്, ചാമ്പ ലയർ, മോഹിത് നഗർ, കാസർഗോടൻ എന്നീ കവുങ്ങിനങ്ങളും അവക്കാഡോ ഗ്രാഫ്റ്റ്, കുറ്റി കുരുമുളക് , കുരുമുളക് ഗ്രാഫ്റ്റ് നാരകം, കുരുമുളക് തൈ, കറിവേപ്പ്, ആര്യവേപ്പ്, പാഷൻ ഫ്രൂട്ട്, ഗ്രാമ്പൂ, പേര, അനാർ, റംമ്പൂട്ടാൻ, സർവ്വ സുഗന്ധി, ഞാവൽ, ആത്തച്ചക്ക, പനീർ ചാമ്പ, തെങ്ങ് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850, 9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കൊല്ലം ജില്ലയിലെ കുളത്തൂപുഴ മൃഗാശുപത്രി വഴി സർക്കാർ ഫാമിൽ വികസിപ്പിച്ചെടുത്ത അത്യു ത്പാദന ശേഷിയുള്ള 45 മുതൽ 60 ദിവസം പ്രായം ആയ മുട്ടക്കോഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 130

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

നൂറ്റി മുപ്പത് രൂപ നിരക്കിൽ ഇന്നു രാവിലെ 10 മണി മുതൽ 1 മണി വരെ വിതരണം ചെയ്യുന്നതാണ്. ആവശ്യമുള്ളവർ 9447110978 എന്ന ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടി**

4. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 20, 21 തീയതികളിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിലും 26, 27 തീയതികളിൽ **"പന്നിവളർത്തൽ"** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസസ് എന്നീ രണ്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സുകളിലേക്ക് 2023 -24 അധ്യയന വർഷത്തേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 10.06.2023 മുതൽ10.07.2023 തിയ്യതി വരെ സമർപ്പിക്കാം. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കൂൺ വിത്തുഉൽപ്പാദനം"** എന്ന വിഷയത്തിൽ ഇന്ന് ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ "**അരുമ മൃഗങ്ങളുടെ പരിപാലനവും അലങ്കാര മത്സ്യകൃഷിയും**" എന്ന വിഷയത്തിൽ ഇന്ന് ഏകദിന പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 300 രൂപ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മണി മുതൽ 5 മണി വരെ **0487 2370773** നമ്പറിൽ ബന്ധപ്പെടുക.

8. ക്ഷീര വികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 13, 14 തീയതികളിൽ **"തീറ്റപ്പുൽകൃഷി"** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ

**9400831831** എന്ന നമ്പറിൽ വാട്സ്ആപ്പ് ചെയ്യുകയോ **0471-2501706** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

9. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയിലെ മാസ്റ്റർ ഓഫ് സയൻസ്, ബി .എസ്. സി. (പി.പി.ബി.എം), ഡിപ്ലോമ, പി.ജി. ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള 2023 -24 അധ്യയന വർഷത്തിലെ പ്രവേശന നടപടികൾ ആരംഭിച്ചു. https://application.kvasu.ac.in/എന്ന വെബ്സൈറ്റ് വഴി ജൂൺ 20 വരെ അപേക്ഷകൾ സമർപ്പിക്കാം. കേരളത്തിലെ എസ്.സി/ എസ്.ടി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 500 രൂപയും മറ്റുള്ള എല്ലാ വിഭാഗക്കാർക്കും 1000 രൂപയുമാണ് അപേക്ഷാഫീസ്. ഓരോ കോഴ്സിന്റെയും യോഗ്യത, ഫീസ്, സീറ്റുകളുടെ എണ്ണം മുതലായ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ www.kvasu.ac.in എന്ന വെബ്സൈറ്റിലുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം